ATTESTED
24/11/21..... 18/11/21

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം


തിരുവനന്തപുരം 695 001

Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920

Email. sic.ker@nic.in


**ഹർജി നമ്പർ AP.No.2401(4)/2019/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.17758/SIC-Gen 2/2019**

സന്നിഹിതൻ

ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീമതി. ധന്യ .കെ,
കൊവ്വപ്പുറത്ത് ഹൗസ്,
കയരളം പി.ഒ.,
കണ്ണൂർ - 670 602. } അപ്പീൽ ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
വില്ലേജ് ഓഫീസർ,
കൊളച്ചേരി വില്ലേജ് ഓഫീസ്,
കൊളച്ചേരി പി.ഒ.,
കണ്ണൂർ - 670 601.

2. അപ്പീൽ അധികാരി & തഹസിൽദാർ,
തളിപ്പറമ്പ്,
കണ്ണൂർ. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 31.07.2019 |
| മറുപടി ലഭ്യമാക്കിയ തീയതി | 29.08.2019 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 07.09.2019 |
| മറുപടി ലഭ്യമാക്കിയ തീയതി | 17.10.2019 |
| രണ്ടാം അപ്പീൽ അപേക്ഷ കമ്മീഷനിൽ നൽകിയ തീയതി | - |
| കമ്മീഷനിൽ രണ്ടാം അപ്പീൽ അപേക്ഷ ലഭ്യമായ തീയതി | 04.11.2019 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരി ഒന്നാം എതിർകക്ഷിക്ക് നൽകിയ 31.07.2019ലെ വിവരാവകാശ അപേക്ഷയിൽ, കൊളച്ചേരി വില്ലേജിന്റെ പരിധിയിൽപ്പെട്ട ചില വസ്തുക്കളുടെ റീസർവ്വെ പ്രകാരമുള്ള രേഖകൾ ആവശ്യപ്പെട്ടിട്ട് കൃത്യമായി ലഭിച്ചില്ല എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 27.10.2021ൽ കണ്ണൂർ കളക്ടറേറ്റിൽ ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരിക്ക് വേണ്ടി ടിയാൾ അധികാരപ്പെടുത്തിയ ശ്രീ. സി. സന്തോഷ്കുമാർ ഹിയറിംഗിൽ പങ്കെടുത്തു. ഒന്നാം എതിർകക്ഷിയും ഹിയറിംഗിൽ ഹാജരായി.

3. 1993ൽ റീസർവ്വെ കഴിഞ്ഞ് അപ്പീൽ ഹർജിക്കാരിയുടെ ഭൂമിക്ക് തണ്ടപ്പേർ 356 പ്രകാരം 17 വർഷം കരം അടച്ചിരുന്നു. എന്നാൽ, ഇപ്പോൾ ഭൂമി ഇല്ല എന്നാണ് പറയുന്നതെന്നും, തണ്ടപ്പേർ രജിസ്റ്ററിലും, BTRലും തിരിമറി നടത്തിയതിനെ തുടർന്നാണ് ഇത്തരത്തിൽ സംഭവിച്ചിട്ടുള്ളതെന്നും അപ്പീൽ ഹർജിക്കാരിക്ക് വേണ്ടി ഹാജരായ സന്തോഷ് കുമാർ പറഞ്ഞു. എന്നാൽ റീസർവ്വേ പ്രകാരം അപ്പീൽ ഹർജിക്കാരിക്ക് 9.33 സെന്റ് സ്ഥലം മാത്രമേയുള്ളൂ എന്നും, റീസർവ്വേയിൽ സ്ഥലത്തിന്റെ വിസ്തൃതിയിൽ വ്യത്യാസം ഉണ്ടായതാണ് അപ്പീൽ ഹർജിക്കാരിയുടെ പരാതിക്ക് അടിസ്ഥാനമെന്നും ഒന്നാം എതിർകക്ഷി പറഞ്ഞു.

4. അപ്പീൽ ഹർജിക്കാരി ഹിയറിംഗ് വേളയിൽ രേഖാമൂലം സമർപ്പിച്ച മൊഴിയിൽ എതിർകക്ഷികൾ വ്യാജരേഖ നിർമ്മിച്ചതായും കോടതിയിൽ വരേണ്ട രേഖകൾ നശിപ്പിച്ചതായും ആരോപിച്ചിട്ടുണ്ട്. ഇതു യഥാർത്ഥത്തിലുള്ള തന്റെ സ്ഥലം മറ്റുള്ളവർക്ക് ലഭിക്കാൻ ഇടയായ തായും ടിയാൾ പറഞ്ഞു. അതുകൊണ്ടാണ് പല തവണ നൽകിയ വിവരാവകാശ അപേക്ഷ കൾക്കും, ടി വസ്തുവിന്റെ രേഖകളുടെ ഫോട്ടോസ്റ്റാറ്റ് പകർപ്പിന് പകരം വ്യാജമായി എഴുതി തയ്യാറാക്കിയ വിവരങ്ങളാണ് ഒറിജിനൽ എന്ന വ്യാജേന നൽകിയതെന്നും, ഇത്തരം ക്രമിനൽ നടപടികൾ മറച്ചുവെക്കുന്നതിനും, ക്രിമിനൽ നിയമ നടപടികളിൽ നിന്ന് ബന്ധപ്പെട്ടവരെ സംരക്ഷിക്കുന്നതിന് വേണ്ടിയാണ് ടി വസ്തുവിന്റെ യഥാർത്ഥ വിവരങ്ങൾ വിവരാവകാശം വഴി നൽകാതിരുന്നതെന്നും ടിയാൾ ആരോപിച്ചു.

5. ഇരു കക്ഷികളും പറയുന്ന കാര്യങ്ങളിൽ ദുരൂഹത നിലനിൽക്കുന്നുണ്ട്. റീസർവ്വേയ്ക്ക് ശേഷം വസ്തുവിന്റെ വിസ്തൃതിയിൽ ഉണ്ടായ കുറവ് സംബന്ധിച്ച് പറയുന്ന കാര്യങ്ങളിൽ ഇനിയും വ്യക്തത വരുത്തേണ്ടതുണ്ട്. ആയതുകൊണ്ട് ഇതു സംബന്ധിച്ച പരാതി കണ്ണൂർ RDO അന്വേഷിച്ച് ഒരു മാസത്തിനുള്ളിൽ കമ്മീഷന് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. അപ്പീൽ ഹർജിക്കാരി കമ്മീഷന് നൽകിയ അപ്പീൽ ഹർജിയുടെ പകർപ്പ് കൂടി ഉൾപ്പെടുത്തി ഉത്തരവ് കണ്ണൂർ RDOയ്ക്കും നൽകേണ്ടതാണ്.

6. മേൽ പറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിന്മേൽ ഇന്നേ ദിവസം 18.11.2021ന് കമ്മീഷൻ താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
കെ.വി.സുധാകരൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

പകർപ്പ് : ആർ.ഡി.ഒ.,
കണ്ണൂർ. (അപ്പീൽ ഹർജിക്കാരിയുടെ രണ്ടാം അപ്പീൽ ഹർജിയുടെ പകർപ്പ് സഹിതം.)

gk.